IVO/05/27/2023

പ്രേഷിതൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീമതി.ധന്യ ഉദേഷ്
ഉദയ ഭവൻ
കാപ്പച്ചേരി, ഇരിട്ടി.പി.ഒ

സർ,

വിഷയം : പായം ഗ്രാമപഞ്ചായത്ത് -13/242- കെട്ടിടത്തിൽ പടക്ക ലൈസൻസ് പുതുക്കി നൽകാത്തത് -- സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ - 1766

.................................

പായം പഞ്ചായത്തിൽ PP 13/242 നമ്പർ കെട്ടിടത്തിൽ 2007 മുതൽ പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്താൻ ലൈസൻസ് ഉണ്ടായിരുന്നു. 2022-23 വർഷത്തെ ലൈസൻസ് പുതുക്കിയതായും 2023-24 വർഷം കെട്ടിട നമ്പർ മാറി എന്നും പറഞ്ഞ് ലൈസൻസ് പുതുക്കി നൽകുന്നില്ല എന്നതാണ് പരാതി. ശ്രീമതി.ധന്യ ഉദേഷ് എന്നവരെ നേരിൽ കേട്ടു.

02/02/2007 തീയ്യതി മുതൽ ചേക്കിന്റകത്ത് കാസിം എന്നവർ കരുണൻ എന്നവരുടെ മകൻ ഉദേഷ്കുമാർ എന്നവർക്ക് പായം പഞ്ചായത്തിലെ 2/45 ഡി നമ്പറിട്ടതുമായ ഒരു മുറി പീടിക പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്താൻ 50/- രൂപയുടെ 15/02/2007 ൽ അസി.വെണ്ടർ ശ്രീ.കെ. നാരായണൻ നമ്പ്യാർ വില്പന നടത്തിയ മുദ്രപത്രത്തിൽ വാടക കരാറിൽ ഏർപ്പെട്ടതിന്റെ കോപ്പി ഹാജരാക്കിയിട്ടുണ്ട്. 2007 വർഷം മുതൽ ഉദേഷ് എന്നവർ ടി കട മുറിയിൽ പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്തുകയാണ് എന്നും എന്നാൽ 2012 മുതൽ ഉദേഷിന്റെ ഭാര്യയായ ശ്രീമതി.ധന്യ ഉദേഷ്ന്റെ പേരിൽ ആണ് ടി കട മുറിയുടെ പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നത് എന്നും ഉദേഷ് പറഞ്ഞു. 100/- രൂപയുടെ മുദ്രപത്രത്തിലൂടെ 20/9/2012 ൽ ഉദേഷ് കുമാർ എന്നവരുടെ ഭാര്യയായ ശ്രീമതി.ധന്യ ഉദേഷ് എന്നവർക്ക് പായം പഞ്ചായത്തിലെ 2/245 ഡി നമ്പർ മുറി പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്താൻ നൽകിയതിന്റെ വാടക കരാറിൽ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്.

200/- രൂപയുടെ മുദ്രപത്രത്തിൽ 27/03/2017 ന് പായം പഞ്ചായത്തിലെ XIII 242 ( പഴയത് PP/2/45D) എന്ന നമ്പർ കെട്ടിടത്തിൽ വച്ച് പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ചേക്കിന്റകത്ത് കാസിം എന്നവർ പഞ്ചായത്തിൽ നിന്ന് ധന്യ ഉദേഷിന്റെ പേരിൽ പടക്കത്തിന്

ലൈസൻസ് അനുവദിക്കുന്നതിന് സമ്മതപത്രം എഴുതി നൽകിയതിന്റെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്.

1. 2016-17 വർഷത്തിൽ 11601104924 നമ്പർ രസീതിയിൽ PP 13/242 കെട്ടിടത്തിൽ പടക്കം സ്റ്റോക്ക് ചെയ്ത് വില്പന നടത്താൻ പഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ച രസീതിന്റെ കോപ്പി.
2. 2018-19 വർഷത്തിൽ 11149/61 നമ്പർ രസീതിയിൽ 29/3/2019 ൽ 13/242 കെട്ടിൽ ധന്യ ഉദേഷ് ന്റെ ലൈസൻസ് ഫീസ് അനുവദിച്ച രസീതിന്റെ കോപ്പി.
3. 22/2/2020 ന് 3750208 രസീതി 13/242 ൽ 2019-20 വർഷത്തേക്ക് ലൈസൻസ് ഫീസ് അനുവദിച്ച കോപ്പി ഹാജരാക്കിയിട്ടുണ്ട്.
4. 1989404 ൽ 2020-21 വർഷത്തേക്കും. ഫീസ് അടച്ച രസീത്
5. 1989405 രസീതിയൽ 2021-22 വർഷത്തേക്കും ഫീസ് അടച്ച രസീത്
6. 6152883 തീയ്യതി: 19/3/2022 ൽ ഇതേ കെട്ടിടത്തിൽ വച്ച് ശ്രീമതി.ധന്യ ഉദേഷിന് ലൈസൻസ് ഫീസ് അനുവദിച്ച രസീതിയുടെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ തന്നോട് എന്ന സ്ഥലത്ത് ശ്രീ.ചേക്കിന്റകത്ത് കാസി ചേക്കിന്റ

കത്ത് ഉമ്മർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട മുറിയിൽ ശ്രീമതി.ധന്യ ഉദേഷ് ഉടമസ്ഥതയിലുള്ള കെട്ടിട മുറിയിൽ ശ്രീമതി.ധന്യ ഉദേഷ് എന്നവർക്ക് ചൈതന്യ ഫയർ വർക്സ് എന്നപേരിൽ പടക്ക കട നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിരുന്നു. ടി പടക്ക കടയുടെ ആരംഭത്തിൽ ടിയാരിയുടെ ഭർത്താവായ ശ്രീ. ഉദേഷ് കുമാർ എന്നവർക്ക് 10 വർഷങ്ങൾക്ക് മുമ്പ് ടി കെട്ടിട മുറിയുടെ പഴയ നമ്പറായ 2/245 ഡി എന്ന നമ്പർ കെട്ടിടത്തിലാണ് ലൈസൻസ് അനുവദിച്ചത് തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ പുതിയ നമ്പറായ 3/242 ൽ വർഷങ്ങളായി ലൈസൻസ് പുതുക്കി വരുന്നുണ്ട്. ശ്രീ.മനോജ്.എം.പി എന്നവരുടെ 13/242 കെട്ടിട നമ്പറിൽതന്നെയുള്ള പുതുതായി ലൈസൻസിനുള്ള അപേക്ഷയുടെയും പരാതിയുടെയും സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് , സാങ്കേതിക വിഭാഗം ഓവർസിയർ എന്നവരുടെയും പരിശോധനയിൽ ക്രമ പ്രകാരമല്ലാത്ത കെട്ടിട നമ്പറുകൾ പരിശോധിച്ചതിൽ ക്രമം തെറ്റിയിട്ടുള്ളതായും ശ്രമതി.ധന്യ ഉദേഷ് എന്നവർ നടത്തി വരുന്ന പടക്ക കടയുടെ കെട്ടിട നമ്പർ 13/246 ആണെന്നും മനോജ് എം.പി എന്നവർ കച്ചവടം നടത്താനായി ഏറ്റെടുത്ത കെട്ടിട മുറിയുടെ നമ്പറാണ് 13/242 എന്നും ബോധ്യപ്പെട്ട വസ്തുത സെക്രട്ടറി യോഗത്തിൽ അറിയിച്ച. ശ്രീമതി.ധന്യ ഉദേഷ് എന്നവർക്ക് നാളിത് വരെയായി ലൈസൻസ് അനുവദിച്ച കെട്ടിട മുറിക്ക് അനുവദിക്കേണ്ട കെട്ടിട നമ്പർ 13/246 ആയതിനാൽ കെട്ടിട നമ്പറിൽ വന്നിട്ടുള്ള മാറ്റം ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അറിയിപ്പ് നൽകുന്നതിനും ആവശ്യമായ രേഖകൾ സഹിതം ലൈസൻസ് പുതുക്കുന്ന അവസരത്തിൽ ശ്രീമതി.ധന്യ ഉദേഷ് എന്നവർക്ക് PP/13/246 നമ്പർ കെട്ടിടത്തിന്റെ ലൈസൻസ് അനുവദിക്കാനും

തീരുമാനിച്ചു എന്ന് 17/01/2023ലെ ഭരണസമിതിയിൽ 5/2023 തീരുമാനം എടുത്തതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ സെക്രട്ടറി, സൂപ്രണ്ട്, സാങ്കേതിക ഓവർസിയർ എന്നിവർ കെട്ടിട നമ്പർ പതിച്ചതിൽ ക്രമം തെറ്റിയിട്ടുണ്ട് എന്ന നിഗമനത്തിൽ എത്തിച്ചേർന്ന പരിശോധനാ റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം കട മുറിക്ക് Alteration വരുത്തിയിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്തിയിട്ടില്ല. നിലവിൽ പായം പഞ്ചായത്തിലെ 13/242, 13/246 എന്നീ 2 മുറികളിലായി ലൈസൻസ് സംബന്ധിച്ച വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായും ബഹു.കേരള ഹൈക്കോടതിയിൽ WP(C) N0.12195/2023 പ്രകാരം ശ്രീമതി.ധന്യ ഉദേഷ് സ്യൂട്ട് ഫയൽ ചെയ്തതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ബഹു.കേരള ഹൈക്കോടതിയുടെ WP(C) N0.12195/2023 ലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തീരുമാനത്തിൽ കൈക്കൊള്ളാൻ നിർവ്വാഹമുള്ളു ആയതിനാൽ താങ്കളുടെ പരാതി ജില്ലാ തല സ്ഥിര അദാലത്ത് സമിതിയിലേക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
28/12/2023